## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 69 08.02.2016- ൽ മറുപടിയ്ക്കായി

**എൻഡോസൾഫാൻ ദുരിതബാധിതർക്കുളള നഷ്ടപരിഹാരം**

ചോദ്യം
**ശ്രീ.ഇ.കെ.വിജയൻ**

ഉത്തരം
**ഉമ്മൻചാണ്ടി**
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | എൻഡോസൾഫാൻ ദുരിത ബാധിതർ എന്തെല്ലാം കാര്യങ്ങളാണ് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുളളത് ; | (എ) | താഴെ പറയുന്ന കാര്യങ്ങൾ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>• ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്ത സാമ്പത്തിക സഹായ വിതരണം പൂർണ്ണമായും നടന്നിട്ടില്ല.<br>• കടങ്ങൾ എഴുതിത്തളളാൻ തീരുമാനമെടുത്തിരുന്നു. ഒരാളുടെയും കടം തളളിയിട്ടില്ല.<br>• ആവശ്യമായ ചികിത്സ ലഭിക്കുന്നില്ല. സൗജന്യമരുന്ന് വിതരണം 8 മാസമായി മുടങ്ങിക്കിടക്കുന്നു.<br>• പെൻഷൻതുക 200 രൂപ വർദ്ധിപ്പിക്കാൻ തീരുമാനിച്ചിരുന്നു. ഇത് മുഴുവൻ പേർക്കും ലഭിച്ചിട്ടില്ല. നിലവിൽ വിതരണം ചെയ്യുന്ന പെൻഷൻ ലഭിക്കാത്തവരും പട്ടികയിലുണ്ട്.<br>• ഗോഡൗണുകളിലെ എൻഡോസൾഫാൻ നീക്കം ചെയ്ത് നിർവീര്യമാക്കൽ ഇതുവരെ നടന്നിട്ടില്ല.<br>• നെഞ്ചംപറമ്പിലെ കിണറ്റിലിട്ട എൻഡോസൾഫാൻ പരിശോധിക്കണമെന്ന് ഉറപ്പിച്ചതാണ് നടന്നിട്ടില്ല.<br>• വർഷത്തിലൊരിക്കൽ പ്രത്യേക മെഡിക്കൽ ക്യാമ്പ് |

| | | | |
|---|---|---|---|
| | | | സംഘടിപ്പിക്കാൻ തീരുമാനമെടുത്തെങ്കിലും നടത്തിയിട്ടില്ല.<br>• ബഡ്സ് സ്കൂളുകൾ മെച്ചപ്പെട്ട രീതിയിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടില്ല. നിരോധിക്കപ്പെട്ട ആസ്ബസ്റ്റോസ് ഷീറ്റിന്റെ അടിയിലാണ് പല സ്കൂളുകളും പ്രവർത്തിക്കുന്നത്.<br>• മരിച്ചവരുടെ കുടുംബങ്ങൾക്ക് പലർക്കും സഹായ ധനം ലഭിച്ചിട്ടില്ല. ഭാഗികമായി തുകയാണ് മരിച്ചവരുടെ ആശ്രിതർക്ക് കിട്ടിയത്. |
| (ബി) | എൻഡോസൾഫാൻ ദുരിതബാധിതരുടെ ഏതെല്ലാം ആവശ്യങ്ങളാണ് ഈ സർക്കാരിന്റെ കാലത്ത് പരിഹാരം കണ്ടിട്ടുള്ളത് ; | (ബി) | • ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്ത പ്രകാരം ദുരിതബാധിതരുടെ പട്ടികയിലുൾപ്പെട്ട 3 കാറ്റഗറിയിലുള്ളവർക്കും (പൂർണ്ണമായും കിടപ്പിലായവർക്കും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും ശാരീരികവൈകല്യം സംഭവിച്ചവർക്കും) കൂടാതെ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിക്കാത്ത ക്യാൻസർ രോഗികൾക്കും എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള പ്രത്യേക ധനസഹായത്തിന്റെ 3 ൽ 2 ഗഡുക്കൾ നൽകി കഴിഞ്ഞു.<br>• പൂർണ്ണമായും കിടപ്പിലായവർക്കും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കും പ്രത്യേക ധനസഹായത്തിന്റെ 1.5 ലക്ഷം രൂപ വീതമുള്ള രണ്ട് ഗഡുക്കളും ശാരീരിക വൈകല്യമുള്ളവർക്കും ക്യാൻസർ രോഗികൾക്കും 1 ലക്ഷം രൂപ വീതമുള്ള രണ്ട് ഗഡുക്കളും നൽകി |

| | | | |
|---|---|---|---|
| | | | കഴിഞ്ഞു<br>• ജില്ലാ മെഡിക്കൽ ആഫീസറുടെ നേതൃത്വത്തിലുള്ള വിദഗ്ദ ഡോക്ടർമാരുടെ പാനലാണ് ദുരിതബാധിതരെ ഇപ്രകാരം കാറ്റഗറി തിരിച്ചത്.<br>• ഇപ്രകാരം ആകെ **89.925** കോടി രൂപ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്ത പ്രത്യേക ധനസഹായമായി അനുവദിച്ച് നൽകിയിട്ടുണ്ട്.<br>• പാലക്കാട് ജില്ലാ മെഡിക്കൽ ആഫീസറെയാണ് സർവ്വേ നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത്.<br>• എൻഡോസൾഫാൻ ദുരിതബാധിത പട്ടികയിൽ ഉൾപ്പെട്ടവർക്ക് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന അവരുടെ രോഗാവസ്ഥയുടെ അടിസ്ഥാനത്തിൽ കാറ്റഗറി തിരിച്ച് 2011 മുതൽ 1000, 2000 രൂപ വീതം പ്രതിമാസം നൽകി വന്ന പെൻഷൻ 01.04.2015 മുതൽ 200 രൂപ വീതം വർദ്ധിപ്പിച്ച് 1200, 2200 രൂപ എന്നിങ്ങനെ നൽകി വരുന്നുണ്ട്.<br>• എൻഡോസൾഫാൻ ദുരിതബാധിതർക്ക് വിവിധ ആരോഗ്യ കേന്ദ്രങ്ങളിലായി സൗജന്യമായി ചികിത്സ നൽകിവരുന്നുണ്ട്. കൂടാതെ മെഡിക്കൽ കോളേജുകൾ അടക്കം 17 എംപാനൽഡ് ആശുപത്രികളിലും സൗജന്യമായി വിദഗ്ദ ചികിത്സയും നൽകിവരുന്നുണ്ട്.<br>• എൻഡോസൾഫാൻ ദുരിതബാധിതപട്ടികയിൽ ഉൾപ്പെട്ടവരിൽ അപേക്ഷ സമർപ്പിച്ചവർക്ക് റേഷൻകാർഡ് ബി പി.എൽ ആക്കി മാറ്റിയിട്ടുണ്ട്. ദുരിതബാധിതരായ മുഴുവൻ |

| | | | |
|---|---|---|---|
| | | | കുടുംബാംഗങ്ങൾക്കും സൗജന്യമായി റേഷൻ നൽകി വരുന്നുണ്ട്.<br>• എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖാന്തിരം സ്കോളർഷിപ്പ് വിതരണം ചെയ്തു വരുന്നുണ്ട്. പ്രൈമറി ക്ലാസുകളിൽ 2000 രൂപ വീതവും ഹൈസ്കൂളുകളിൽ 3000 രൂപ വീതവും ഹയർസെക്കന്ററികളിൽ 4000 രൂപ വീതവും ആണ് സ്കോളർഷിപ്പ് ഇനത്തിൽ അനുവദിച്ചുവരുന്നത്.<br>• മാനസിക വൈകല്യമുള്ള ദുരിതബാധിതരെ പരിപാലിക്കുന്നതിനായി എൻഡോസൾഫാൻ ദുരിത ബാധിത പഞ്ചായത്തുകളിലായി 6 എണ്ണവും നീലേശ്വരം മുൻസിപ്പാലിറ്റിയിൽ ഒന്നുമായി ആകെ 7 ബഡ്സ് (സ്പെഷ്യൽ) സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്.<br>• നബാർഡ്- ആർ ഐ ഡി എഫ് എൻഡോസൾഫാൻ പാക്കേജിലുൾപ്പെടുത്തി 10 ദുരിതബാധിത പഞ്ചായത്തുകളിൽ ആധുനിക സൗകര്യങ്ങളോട് കൂടിയ ബഡ്സ് സ്കൂളുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. 6 ബഡ്സ് സ്കൂളുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. കൂടാതെ പുല്ലൂർ പെരിയ പഞ്ചായത്തിൽ നിർമ്മിച്ചുവരുന്ന ബഡ്സ് സ്കൂൾ മോഡൽ ബഡ്സ് സ്കൂളായി ഉയർത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു.<br>• നിലവിൽ ബഡ്സ് സ്കൂളുകൾക്ക് നൽകിയിട്ടുള്ള വാഹനങ്ങൾക്ക് പുറമെ പുതുതായി ബഡ്സ് സ്കൂളുകളുടെ കുട്ടികൾക്കായി അന്താരാഷ്ട്ര മാനദണ്ഡങ്ങൾക്ക് അനുസൃതമായി പരിഷ്കരിച്ച |

| | | | |
|---|---|---|---|
| | | | സ്പെഷ്യൽ വാഹനങ്ങൾ മനോരമ സ്നേഹനിധിയിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ച് ജില്ല കളക്ടറുടെ പേരിൽ വാങ്ങി നൽകി വരുന്നു.<br>• ആശുപത്രികളിലേയ്ക്കും തിരിച്ചും സൗജന്യമായി യാത്ര സൗകര്യം.<br>• ഗ്രാമപഞ്ചായത്തുകളിലെ ആശുപത്രികളും കിടപ്പിലായ രോഗികളുടെ വീടുകളും സന്ദർശിച്ച് ചികിത്സ നൽകുന്നതിനായി മൊബൈൽ മെഡിക്കൽ ടീമിന്റെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സൗജന്യമായി മരുന്നുകളും ലഭ്യമാക്കിവരുന്നു.<br>• എൻഡോസൾഫാൻ ദുരിതബാധിതരുടെ കടങ്ങൾ എഴുതിത്തള്ളുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. |
| (സി) | സർക്കാർ നൽകിയ വാഗ്ദാനങ്ങൾ പൂർണ്ണമായും നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ; | (സി) | സർക്കാർ നൽകിയ വാഗ്ദാനങ്ങൾ നടപ്പിലാക്കി വരുന്നു. |
| (ഡി) | എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസമുൾപ്പെടെ മുഴുവൻ കാര്യങ്ങളും അടിയന്തിരമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) | എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസമുൾപ്പെടെയുള്ള മുഴുവൻ കാര്യങ്ങളും അടിയന്തിര പ്രാധാന്യത്തോടു കൂടിയാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് |

Manoharan

**സെക്ഷൻ ഓഫീസർ**